ടൂറിസം രംഗത്തെ മുതൽമുടക്ക്

197 (199) ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സർക്കാരിന്റേയും സ്വകാര്യ മേഖലയുടേയും മുതൽ മുടക്ക് എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) ടൂറിസം മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു ; ഇതിൽ പ്രത്യക്ഷ തൊഴിലവസരങ്ങൾ എത്ര ; പരോക്ഷ തൊഴിലവസരങ്ങൾ എത്ര ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ 1000 കോടിയിൽപ്പരം രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) ഇതിൽ എഴുപത്തിയഞ്ച് ശതമാനത്തോളം തുക സ്വകാര്യ മേഖലയുടെ മുതൽമുടക്കും ബാക്കി പൊതുമേഖലയുടേതായും കണക്കാക്കപ്പെടുന്നു.

(സി) ടാറ്റാ കൺസൾട്ടൻസി സർവ്വീസ് തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രകാരം പ്രത്യക്ഷവും പരോക്ഷവുമായി ഏഴുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി കണക്കാക്കപ്പെടുന്നു. ഇതിൽ പ്രത്യക്ഷ തൊഴിലവസരങ്ങൾ ഒന്നര ലക്ഷം ബാക്കി അഞ്ചരലക്ഷം പരോക്ഷവുമാണ്.

ഡി.ടി.പി.സി. യുടെ കീഴിലുള്ള സ്റ്റാർ ഫിഷ് റസ്റ്റോറന്റ്

198 (200) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശംഖുമുഖത്തെ സ്റ്റാർഫിഷ് റസ്റ്റോറന്റ് ലാഭകരമായിരുന്നുവോ ;

(ബി) ഈ സ്ഥാപനം സ്വകാര്യ വ്യക്തികൾക്ക് കൈമാറുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനം സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത് സംബന്ധിച്ച് എത്ര ടെണ്ടറുകൾ ലഭിച്ചു ;

(ഡി) ഓരോ ടെണ്ടറിലും ആരെല്ലാം എത്ര രൂപ വീതം കാട്ടി ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

(ഇ) ഈ സ്ഥാപനം ടെണ്ടർ ചെയ്തുകൊടുക്കുന്നതിനായി വിളിച്ച എത്ര ടെണ്ടറുകൾ റദ്ദാക്കി ; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ഈ സ്ഥാപനം ഇപ്പോൾ നടത്തുന്നത് ആരെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാമമാത്രമായ ലാഭത്തിലായിരുന്നു.

(ബി) ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖത്തു നടത്തി വരുന്ന ഈ സ്ഥാപനം പരമാവധി പ്രൊഫഷണലായി നടത്തണം എന്ന ഉദ്ദേശത്തോടെയാണ് അപ്രകാരം ഡി.റ്റി.പി.സി. ചെയ്തത്.

(സി&ഡി) 1999 ഡിസംബർ 15-ാം തീയതിയിലെ 'മലയാള മനോരമ' 16-ാം തീയതിയിലെ 'ദി ഹിന്ദു' എന്നീ പത്രങ്ങളിൽ പരസ്യം ചെയ്തതനുസരിച്ച് ഹോട്ടൽ ഒയാസിസ് പാളയം, തിരുവനന്തപുരം എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ നൽകിയത്. പരസ്യത്തിന് വേണ്ടത്ര പ്രതികരണം ലഭിക്കാത്തതിനാൽ 2000 ഫെബ്രുവരി 22-ാം തീയതിയിലെ "ദി ഹിന്ദുവിലും 23-ാം തീയതിയിലെ" മലയാള മനോരമയിലും വീണ്ടു പരസ്യം നൽകി. അതനുസരിച്ച് താഴെ പറയുന്ന ടെണ്ടറുകൾ ലഭിച്ചു.

സ്ഥാപനത്തിന്റെ പേര്	തുക (വർഷത്തിൽ)
1. സൗത്ത്ഷോർ ഏജൻസീസ്, കിഴക്കേക്കോട്ട, തിരുവനന്തപുരം.	3,06,360 രൂപ.
2. വി.എൻ. ഉദയൻ, പാലാഴിഹൗസ്, പൊവ്വാല, കൊച്ചി-12	3,66,006 രൂപ.
3. ഹോട്ടൽ ലൂസിയ, തിരുവനന്തപുരം.	1,20,000 രൂപ.
4. ഹോട്ടൽ വസന്തം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.	2,55,000 രൂപ.

(ഇ) മുകളിൽപറഞ്ഞ ഒന്നും രണ്ടും ടെണ്ടറുകൾ നൽകിയവർക്ക് റസ്റ്റോറന്റ് നടത്തിപ്പിൽ പരിചയമില്ലാത്തതിനാലും മൂന്നാമത്തെ ടെണ്ടറുകാരൻ നിശ്ചയിച്ചിരുന്ന ഏറ്റവും കുറഞ്ഞ സംഖ്യയായ 2,50,000 രൂപയുടെ പകുതിയിലും കുറവു കാട്ടു ചെയ്തതിനാലും തള്ളപ്പെടുകയും, നാലാമത്തെ വ്യക്തിക്ക് ടെണ്ടർ സ്ഥിരപ്പെടുത്തുകയും ചെയ്തു.

(എഫ്) ശ്രീ. വെള്ളച്ചാമി, പാർട്ട്ണർ ഹോട്ടൽ വസന്തം, തിരുവനന്തപുരം എന്ന വ്യക്തിയാണ് ഈ സ്ഥാപനം ഇപ്പോൾ നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly